**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1523** **19-01-2021 - ൽ മറുപടിയ്ക്ക്**

**നെല്ലുല്പാദനത്തിലുണ്ടായ വർദ്ധനവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| കെ . വി . വിജയദാസ് | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാരിന്റെ കാലത്ത് 2011 - 2016 കാലയളവിനേക്കാൾ നെല്ലുല്പാദനം എത്രമടങ്ങ് വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്; വിശദവിവരം നൽകുമോ; | (എ) | 2011-12 വർഷത്തിൽ നെൽ ഉത്പാദനം 889047 ടണ്ണിൽ നിന്നും ഈ സർക്കാരിന്റെ കാലത്ത് 991500 ടൺ വരെ ഉയർത്തുവാൻ സാധിച്ചു. അതിന്റെ വിശദവിവരങ്ങൾ അനുബന്ധം (I) ആയി ചേർക്കുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെൽകർഷകർക്കായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്; ഇതിന്റെ ഭാഗമായി എത്ര കോടിരൂപയുടെ ആനുകൂല്യം നൽകുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ബി) | ഈ സർക്കാർ അധികാരത്തിൽ എത്തിയ ശേഷം നെൽവയലുകൾ അതേപടി നിലനിർത്തുന്നതിനും തരംമാറ്റുന്നത് തടയുന്നതിനും നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി നെൽകൃഷിക്ക് അനുയോജ്യമായ വയലുകളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 2000രൂപ പ്രകാരം നൽകുന്ന ഒരു നൂതന പദ്ധതി 2020-21 വർഷം ആരംഭിച്ചു നടപ്പിലാക്കി വരുന്നു. തരിശു ഭൂമിയിൽ നെൽ കൃഷി ചെയ്യുന്നതിനു 2020-21 സാമ്പത്തിക വർഷത്തിൽ ഒന്നാം വർഷ തരിശ് നെൽകൃഷിയുടെ ആനുകൂല്യം 30000 രൂപയിൽ നിന്ന് 40000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. നെൽക്കൃഷിക്കുള്ള കുമ്മായത്തിന് 2015-16ൽ നൽകിയിരുന്ന ഹെക്ടറിന് 3000രൂപയിൽ നിന്ന് ഈ സർക്കാരിന്റെ കാലത്തു ഹെക്ടറിന് 5400രൂപയായി വർദ്ധിപ്പിച്ചു. നെൽക്കൃഷിക്കുള്ള ഉഴവുകൂലി നിലവിലുള്ള ഹെക്ടറിന് 17500രൂപയിൽ നിന്ന് 22000 രൂപയായി 2020-21ൽ വർദ്ധിപ്പിച്ചിട്ടുണ്ട്. നെല്ല് സംഭരണത്തിന് കേന്ദ്രസർക്കാർ MSP യായി കിലോ ഒന്നിന് 18.68 രൂപയാണ് നൽകുന്നത്. എന്നാൽ സംസ്ഥാന സർക്കാർ MSP യ്ക്ക് പുറമേ കിലോ ഒന്നിന് 8.80 രൂപ ഉത്പാദന ബോണസ്സായി അധികം നൽകി 27.48 രൂപയ്ക്കാണ് നെല്ല് സംഭരിക്കുന്നത്. പുതിയ ബഡ്ജറ്റിൽ സംസ്ഥാന സർക്കാർ നൽകുന്ന ഉത്പാദന ബോണസ് വർദ്ധിപ്പിച്ചിട്ടുണ്ട്. ഇതുപ്രകാരം 2021 ഏപ്രിൽ 1 മുതൽ നെല്ലിന്റെ സംഭരണ വില കിലോയ്ക്ക് 28 രൂപയായി വർദ്ധിക്കും. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ 2016-17 മുതൽ |

വിവിധ സംസ്ഥാനവിഷ്കൃത - കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കി വരുന്നു. സമഗ്രനെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃതപദ്ധതി പ്രകാരം നടപ്പിലാക്കുന്ന വിവിധ ഘടകങ്ങളെ സംബന്ധിച്ച വിവരം അനുബന്ധം (II) ആയി ചേർത്തിരിക്കുന്നു. നെൽകൃഷിയുടെ വികസനത്തിനായി ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളും നടപ്പിലാക്കി വരുന്നു. 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവും ഉള്ള ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്നു. ടി പദ്ധതിയിൽ ഉൾപ്പെടുത്തി പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിക്കുക, വിത്ത് വിതരണം, മണ്ണ് സംരക്ഷണം, സൂക്ഷ്മ മൂലകങ്ങളുടെ വിതരണം, സസ്യ സംരക്ഷണം, കാർഷിക യന്ത്രോപകരണങ്ങൾ, ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള പ്രാദേശിക സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്ക് ആനുകൂല്യം നൽകിവരുന്നു. രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിലെ Productivity Improvement of Paddy in Kerala എന്ന ഘടകത്തിൽ അത്യുല്പാദന ശേഷിയുള്ള നെൽ വിത്തിനും, കുമ്മായ വസ്തുക്കളുടെയും സൂക്ഷമൂലക വളങ്ങളുടെയും ഉപയോഗത്തിനും, സംയോജിത കീട നിയന്ത്രണത്തിനും, കാർഷിക യന്ത്രവൽകരണത്തിനും ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതിയുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഹെക്ടറൊന്നിനു 3500/- രൂപ ധനസഹായം നൽകുന്നു. സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി തരിശുനില കൃഷിയ്ക്ക് അനുവദിക്കുന്ന സബ്സിഡി 30,000/- രൂപയിൽ നിന്ന് 40,000/- രൂപയായി വർദ്ധിപ്പിച്ചു. നെൽകൃഷിയുടെ വിസ്തീർണ്ണവും കോൾ കർഷകരുടെ വരുമാനവും വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കോൾ മേഖലയിൽ ഒരു അധിക വിള കൃഷി ചെയ്യുന്നതിനായി "ഓപ്പറേഷൻ ഡബിൾ കോൾ പദ്ധതി" നടപ്പിലാക്കി. ഇതുവഴി 2018-19 മുതൽ 3,500 ഏക്കർ അധികമായി നെല്ലും പയറുവർഗ്ഗങ്ങളും കൃഷി ചെയ്തു വരുന്നു. പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല, ഗന്ധകശാല, രക്തശാലി, ബസ്മതി എന്നിവ) വികസനത്തിനായി ഹെക്ടർ ഒന്നിന് 10,000/- രൂപ സബ്സിഡി നൽകുന്ന പദ്ധതി നടപ്പിലാക്കി. ചെറുകിട കർഷകർക്ക് സഹായകരമായ നിലയിൽ 430 ചെറുകിട അരിമില്ലുകളും സംസ്കരണ യൂണിറ്റുകളോട്ടു കൂടിയ 17 വൻകിട അരിമില്ലുകളും സ്ഥാപിച്ചിട്ടുണ്ട്. പാടശേഖര സമിതികൾ പ്രാദേശിക കർഷക കൂട്ടായ്മകൾ, സഹകരണ സ്ഥാപനങ്ങൾ, അഗ്രോ

| | | | |
|---|---|---|---|
| | | | സർവ്വീസ് സെന്ററുകൾ എന്നിവയുടെ ആഭിമുഖ്യത്തിൽ പ്രാദേശികമായി ഉല്പാദിപ്പിക്കുന്ന നെല്ല് സംഭരിച്ച് അരിയാക്കി പ്രാദേശിക ബ്രാന്റ് നാമത്തിൽ വിപണനം ചെയ്ത് വരുന്നുണ്ട്. പൊക്കാളി ഇനങ്ങൾക്കുപുറമെ ആറന്മുള, മയ്യിൽ, ചിറയ്ക്കര, കതിർമണി (ചിറയിൻകീഴ്) എന്നിവ ഇതിനകം വിജയം വരിച്ച പ്രാദേശിക ബ്രാന്റുകളായി ഉയർന്ന് വന്നിട്ടുണ്ട്. നെൽകൃഷി ചെയ്യുന്ന കർഷകന് ലഭിക്കുന്ന ആനുകൂല്യങ്ങളുടെ പട്ടിക അനുബന്ധം - III ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം (I)**

## 2011-2016 കാലഘട്ടം

| വർഷം | നെൽ ഉത്പാദനം (ടൺ) |
|---|---|
| 2011-12 | 889047 |
| 2012-13 | 794217 |
| 2013-14 | 881758 |
| 2014-15 | 843138 |
| 2015-16 | 823913 |

## 2016-2020 കാലഘട്ടം

| വർഷം | നെൽ ഉത്പാദനം (ടൺ) |
|---|---|
| 2016-17 | 654725 |
| 2017-18 | 781965 |
| 2018-19 | 991500 |
| 2019-20 | 908312 |

**സെക്ഷൻ ഓഫീസർ**